"ഭരണഭാഷ-മാതൃഭാഷ"

<u>വളരെ അടിയന്തിരം</u>

**ഓർമ്മക്കുറിപ്പ്**

# വ്യാവസായിക പരിശീലന വകുപ്പ്

**(കേരള സംസ്ഥാനം)**

നമ്പർ: എഫ്3/27710/11.

തൈക്കാട്, തിരുവനന്തപുരം-14

തീയതി: 04/04/2013

ട്രെയിനിംഗ് ഡയറക്ടർ.

എല്ലാ ഐ.ടി.ഐ./ബി.റ്റി.സി/എ.വി.റ്റി.എസ്
പ്രിൻസിപ്പാൾമാർക്കും
ട്രെയിനിംഗ് ആഫീസർമാർക്കും
ട്രെയിനിംഗ് ഇൻസ്പെക്ടർമാർക്കും

സർ,

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- ട്രെയിനിംഗ് വിഭാഗം- വിവിധ സി.റ്റി.ഐ /എ.ടി.ഐ ട്രെയിനിംഗ് സെന്ററുകളിൽ നടക്കുന്ന ട്രെയിനിംഗിൽ പങ്കെടുക്കുന്നതിനായി ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനായി സീനിയോരിറ്റി ലിസ്റ്റ് തയ്യാറാക്കുന്നത് - സംബന്ധിച്ച്.:

സൂചന:-1) ഉത്തരവ് നമ്പർ.എഫ്3/27710/11 തീയതി 1/3/2012

2) ഈ കാര്യാലയത്തിലെ 10-12-2012-ലെ ഇതേ നമ്പർ ചുറ്ററിയിപ്പ്

***************

സി.ടി.ഐ/എ.ടി.ഐ ട്രെയിനിംഗിന് ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനായി സൂചന ഉത്തരവ്പ്രകാരം പ്രസിദ്ധീകരിച്ച സീനിയോരിറ്റി ലിസ്റ്റിലെ അപാകതകൾ പരിഹരിക്കുന്നതിലേക്കായി ടി സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത ജീവനക്കാർ താങ്കളുടെ സ്ഥാപനത്തിൽ ഉണ്ടെങ്കിൽ അവരുടെ വിവരം (പ്രിൻസിപ്പാൾമാർ ഉൾപ്പെടെയുള്ളത്) സൂചന (2) നോടൊപ്പം ഉണ്ടായിരുന്ന മാതൃ

കാഫോറത്തിൽ അനുബന്ധ രേഖകൾ സഹിതവും, സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരുടെ വിവരങ്ങൾ കൃത്യമാണോ എന്ന് പരിശോധിച്ച് തിരുത്തലുകളോ അപൂർണ്ണമായ വിവരങ്ങളോ ഉണ്ടെങ്കിൽ ആയത് 20-12-2012-ന് മുമ്പായി ഈ കാര്യാലയത്തിൽ അറിയിക്കണമെന്ന് സൂചന (2) പ്രകാരം താങ്കളെ അറിയിച്ചിരുന്നതാണ്. എന്നാൽ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല എന്നത് താങ്കളുടെ വീഴ്ചയായി കണക്കാക്കുന്നു. ആയതിനാൽ ടി വിവരങ്ങൾ **08-04-2013 തിങ്കളാഴ്ച** പ്രത്യേക ദൂതൻ വഴി ഡെപ്യൂട്ടി സ്റ്റേറ്റ് അപ്രന്റീസ്ഷിപ്പ് അഡ്വൈസറുടെ കൈവശം നിർബന്ധമായും എത്തിക്കേണ്ടതാണ്.

**താങ്കളുടെ വിശ്വസ്തൻ,**

**ഡെപ്യൂട്ടി സ്റ്റേറ്റ് അപ്രന്റീസ്ഷിപ്പ് അഡ്വൈസർ**

*ഉള്ളടക്കം : സൂചന*

ആർ.ഇ.

മാതൃകാഫോറം

| Sl.No.in the Seniority list for training published on 1-3-2012 | Name of Official | Date of Birth | Date of entry in service | Entry Post | Present post & trade | Details of promotion With Order and Date | Details of Training undergone CTI/POT/ ET/TM TT1/TT2/ Month and Year | Date of Superannuation | Remarks |
|---|---|---|---|---|---|---|---|---|---|
| | | | | | | | | | |

Varified with Records and found correct.

Signature of Senior/Junior Superintendent.

Signature of the Principal

.ആർ.ഇ. 11/12/2012

"ഭരണഭാഷ-മാതൃഭാഷ"

**വളരെ അടിയന്തിരം**

വ്യാവസായിക പരിശീലന വകുപ്പ്
(കേരള സംസ്ഥാനം)

**നമ്പർ: എഫ്3/27710/11** തൈക്കാട്, തിരുവനന്തപുരം - 14,
തീയതി 10-12-2012

**_സർക്കുലർ_**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ്- വിഭാഗം- വിവിധ സി.റ്റി.ഐ./എ.ടി.ഐ ട്രെയിനിംഗ് സെന്ററുകളിൽ നടക്കുന്ന ട്രെയിനിംഗിൽ പങ്കെടുക്കുന്നതിനായി ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനായി സീനിയോരിറ്റി ലിസ്റ്റ് തയ്യാറാക്കുന്നത് - സംബന്ധിച്ച്:

സൂചന:- ഉത്തരവ് നം.എഫ്3/ 27710/11 തീയതി 1-3-12.

----

സി.ടി.ഐ/എ.ടി.ഐ ട്രെയിനിംഗിന് ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനായി സൂചന ഉത്തരവുപ്രകാരം പ്രസിദ്ധീകരിച്ച സീനിയോരിറ്റി ലിസ്റ്റിലെ അപാകതകൾ പരിഹരിക്കുന്നതിലേക്കായി ടി സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത ജീവനക്കാർ താങ്കളുടെ സ്ഥാപനത്തിൽ ഉണ്ടെങ്കിൽ അവരുടെ വിവരം (പ്രിൻസിപ്പാൾ ഉൾപ്പെടെ ഉള്ളത്) ചുവടെയുള്ള മാതൃകാഫോറത്തിൽ അനുബന്ധ രേഖകൾ സഹിതം നൽകേണ്ടതാണ്. അതോടൊപ്പം സൂചനപ്രകാരമുള്ള സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരിൽ, അവരുമായി ബന്ധപ്പെട്ടു നൽകിയിട്ടുള്ള വിവരങ്ങൾ കൃത്യമാണ് എന്ന് പരിശോധിക്കേണ്ടതും, എന്തെങ്കിലും തിരുത്തലുകളോ അപൂർണ്ണമായ വിവരം ഉണ്ടെങ്കിലോ ആയത് 20/12/2012-ന് മുമ്പായി ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്. മാതൃകാഫോറം ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

**ഡെപ്യൂട്ടി സ്റ്റേറ്റ് അപ്രന്റിസ്ഷിപ്പ് അഡ്വൈസർ**

ഉള്ളടക്കം:
മാതൃകാഫോറം.

.ആർ.ഇ. 11/12/2012